**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3496 | 14.03.2017 - ൽ മറുപടിയ്ക്ക്

**എം.എ. റഷീദ് പീരുമേട് സർക്കിൾ ഇൻസ്പെക്ടർക്ക് നൽകിയ പരാതി**

**ചോദ്യം**

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

**മറുപടി**

**ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) 31.10.2016-ൽ പീരുമേട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഗ്ലാമേരിയിൽ വെച്ച് എച്ച്.ആർ.പി.ഡബ്ലിയു. (HRPW) യൂണിയൻ ജനറൽ സെക്രട്ടറി എം.എ. റഷീദിനെ മാരകായുധങ്ങളുമായി അക്രമിക്കുവാനും കൊലപ്പെടുത്തുവാനും ശ്രമിച്ചവർക്കെതിരെ ശ്രീ.റഷീദ് പീരുമേട് സർക്കിൾ ഇൻസ്പെക്ടർക്ക് നൽകിയ പരാതിയിൽ കേസെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രതികൾ ആരെല്ലാമാണ്; | (എ) 31.10.2016 തീയതി എം.എ. റഷീദ്, ജനറൽ സെക്രട്ടറി, ഹൈറേഞ്ച് പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ, പീരുമേട് എന്ന പരാതിക്കാരൻ ഉൾപ്പെടെയുള്ളവർ യോഗം ചേർന്ന സ്ഥലത്ത് ആരോഗ്യരാജ്, യേശുദാസ്, അനീഷ്, സുഭാഷ്, സനീഷ് എന്നിവർ അതിക്രമിച്ച് കയറി ഭീഷണിപ്പെടുത്തി എന്ന കാര്യത്തിന് പീരുമേട് പോലീസ് ഇൻസ്പെക്ടർ മുമ്പാകെ സമർപ്പിച്ച പരാതി പെറ്റീഷൻ നമ്പർ 149338/2016 ആയി ചേർത്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേസ് എടുത്തിട്ടില്ല. |
| (ബി) ഏത് വകുപ്പ് അനുസരിച്ചാണ് കേസ് എടുത്തിട്ടുള്ളത്; എഫ്.ഐ.ആർ - ന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി), (സി), & (ഡി) ബാധകമല്ല. |
| (സി) കേസ് കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | |
| (ഡി) എം.എ. റഷീദിന്റെ മൊഴി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ